ഉത്തരം

(എ) ആഡിറ്റഡ്/ആഡിറ്റ് പൂർത്തിയാക്കാത്ത കണക്കുകൾ പ്രകാരം സംസ്ഥാനത്തെ വ്യവസായവകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ 2013-14 കാലയളവിൽ 15 സ്ഥാപനങ്ങൾ ലാഭത്തിലും 29 സ്ഥാപനങ്ങൾ നഷ്ടത്തിലും പ്രവർത്തിച്ചു.

(ബി) ഇതുപ്രകാരം ലാഭത്തിൽ പ്രവർത്തിക്കുന്നവയുടെ മൊത്തം ലാഭം 108.15 കോടി രൂപയും നഷ്ടത്തിൽ പ്രവർത്തിക്കുന്നവയുടെ മൊത്തം നഷ്ടം 146.96 കോടി രൂപയുമാണ്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ വ്യവസായസ്ഥാപനങ്ങൾ ഒന്നും അടച്ചുപൂട്ടിയിട്ടില്ല.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പിന്റെ അധീനതയിൽ പുതുതായി പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ ഒന്നും ആരംഭിച്ചിട്ടില്ല. കഴിഞ്ഞ സർക്കാരിന്റെകാലത്ത് പൊതുമേഖലാ സ്ഥാപനങ്ങളുടെ ഒൻപതു യൂണിറ്റുകൾ ആരംഭിച്ചതിൽ 6 സ്ഥാപനങ്ങൾ വ്യവസായികാടിസ്ഥാനത്തിൽ പ്രവർത്തിനമാരംഭിച്ചു.

തിരുവനന്തപുരം ജില്ലയിലെ കൈത്തറി സഹകരണ സംഘങ്ങൾ

310 (650) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിൽ എത്ര കൈത്തറി സഹകരണ സംഘങ്ങൾ ഉണ്ടെന്നും അവ ഏതൊക്കെയാണെന്നും അറിയാമോ ;

(ബി) പ്രസ്തുത സഹകരണ സംഘങ്ങളിലെ ജീവനക്കാരുടെ പേരും ഉദ്യോഗപ്പേരും മേൽവിലാസവും സംഘം തിരിച്ച് ലഭ്യമാക്കുമോ ;

(സി) പ്രസ്തുത സഹകരണ സംഘങ്ങളിലെ അവസാന ഭരണസമിതി അംഗങ്ങളുടെ പേരും, മേൽവിലാസവും അംഗനമ്പരും ലഭ്യമാക്കാമോ ;

(ഡി) പ്രസ്തുത സഹകരണ സംഘങ്ങളിൽ നിന്നും സഹകരണ സംസ്ഥാന കൈത്തറി നെയ്ത്ത് സഹകരണ സംഘം നമ്പർ എച്ച് 232 (ഹാൻടെക്സ്)-ന്റെ 19-11-2014-ൽ നടന്ന വാർഷിക പൊതുയോഗത്തിൽ ഓരോ സംഘങ്ങളിൽ നിന്നും പ്രതിനിധികളായി പങ്കെടുത്തവരുടെ പേര്, മേൽവിലാസം, അംഗസമ്പർ, യോഗ തീരുമാനമെടുത്ത ഫയൽ നമ്പർ എന്നിവ ലഭ്യമാക്കാമോ ;

(ഇ) പങ്കെടുത്ത അംഗങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്ററിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) തിരുവനന്തപുരം ജില്ലയിൽ 287 കൈത്തറി സഹകരണ സംഘങ്ങൾ ഉണ്ട്. കൈത്തറി സഹകരണ സംഘങ്ങളുടെ പേരുവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.

(ബി-ഇ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

പാലൂർകോട്ട വ്യവസായ മേഖല

311 (651) ശ്രീ. റ്റി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവര സാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മങ്കട ബ്ലോക്ക് പഞ്ചായത്ത് അധീനതയിലുള്ള പാലൂർകോട്ട വ്യവസായ മേഖലയായി പ്രഖ്യാപിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

(ബി) ഉണ്ടെങ്കിൽ പാലൂർകോട്ട വ്യവസായ കേന്ദ്രമായി പ്രഖ്യാപിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) നടപടി സ്വീകരിച്ചു വരുന്നു.

മിഷൻ 676-കെ.എസ്.ഐ.ഡി.സി.-സ്റ്റാർട്ട് അപ്പ് വില്ലേജ്

312 (652) ശ്രീ. വർക്കല കഹാർ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്. ഐ. ഡി. സി. യുടെ നേതൃത്വത്തിൽ സ്റ്റാർട്ട് അപ്പ് വില്ലേജ് രൂപം നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കാമോ ;

(സി) എന്തെല്ലാം സൗകര്യങ്ങളും സജ്ജീകരണങ്ങളുമാണ് പ്രസ്തുത പദ്ധതിയിൽ ഏർപ്പെടുത്തിയിട്ടുള്ളത് വിശദമാക്കാമോ ;

(ഡി) കെ. എസ്. ഐ. ഡി. സി. എന്തെല്ലാം സഹായങ്ങളാണ് നൽകുന്നത് ; വിശദാംശങ്ങൾ നൽകുമോ ;

(ഇ) പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാൻ മിഷൻ 676-ൽ എന്തെല്ലാം നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട് ?